(3) വയനാട് പ്രസ്സിനുവേണ്ടി രണ്ട് ഓഫ്സെറ്റ് യന്ത്രങ്ങളും കട്ടിംഗ് മെഷീനുകളും, ഹോൾഡിംഗ്, ഡി. ടി. പി., ക്യാമറ തുടങ്ങിയ യന്ത്രങ്ങളും വാങ്ങിയിട്ടുണ്ട്.

ശ്രീ. ജി. സുധാകരൻ : സർ, നമ്മുടെ സംസ്ഥാനത്ത് പുതിയ പ്രസ്സുകൾ തുടങ്ങുന്നതിന് എന്തെങ്കിലും നടപടികൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇപ്പോൾ തുടങ്ങി പൂർത്തിയാകാത്തവ പൂർത്തിയാക്കിയതിനുശേഷം പണത്തിന്റെ ലഭ്യതയനുസരിച്ചു മാത്രമേ പുതിയ പ്രസ്സുകൾ തുടങ്ങാനുള്ള നിർദ്ദേശങ്ങളെപ്പറ്റി ആലോചിക്കാൻ കഴിയൂ.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കടൽ രക്ഷാസേനയുടെ രൂപീകരണം

5 (* 540) ശ്രീ. ടി. കെ. ബ്ാലൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. എം. ദാസൻ :
ശ്രീ. എം. എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടലിൽ പ്രതികൂല കാലാവസ്ഥയിൽ മത്സ്യത്തൊഴിലാളികൾക്ക് അപകടം സംഭവിക്കുന്നത് തടയാനും സുരക്ഷിതത്വം ഉറപ്പാക്കാനുമുള്ള കടൽ രക്ഷാസേനയുടെ രൂപീകരണം ഏതു ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ ;

(ബി) കടൽ രക്ഷാസേനയ്ക്ക് പ്രത്യേക പരിശീലനം നല്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) കടൽ രക്ഷാസേനയിൽ ചേരുന്നവർക്ക് നാവികസേനയുടെ പരിശീലനം ലഭ്യമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാന ആരോഗ്യവകുപ്പ് കടൽ രക്ഷാസേനയ്ക്ക് എന്തെങ്കിലും സഹായ സഹകരണങ്ങൾ നൽകിവരുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) കടൽ രക്ഷാസേനയുടെ നിയന്ത്രണം ഏത് വകുപ്പിൽ നിക്ഷിപ്ത മാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇതിന്റെ രൂപീകരണത്തിനായി എന്തുതുക നാളിതുവരെ ചെലവഴിച്ചെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ) കടൽ രക്ഷാസേനയുടെ രൂപീകരണം പുരോഗതിയിലാണ്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. നേവിമുഖേനയും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോർട്ട് മാനേജ്മെന്റ് (ചെന്നൈ) മുഖേനയും പരിശീലനം നല്കുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

(സി) നാവികസേനയുടെ പരിശീലനം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ഇല്ല.

(ഇ) ഫിഷറീസ് വകുപ്പിൽ നിക്ഷിപ്തമാക്കാനാണ് ഉദ്ദേശിക്കുന്നത്.

(എഫ്) കടൽ രക്ഷാസേനയുടെ രൂപീകരണത്തിനായി 1999-2000 വർഷത്തിൽ 1,42,000 രൂപ എല്ലാ കടലോരജില്ലകളിലേക്കും ഇതിനായി നൽകിയിട്ടുണ്ട്. 1998-1999-ൽ 5 ലക്ഷം രൂപാ രക്ഷാപ്രവർത്തനവുമായി ബന്ധപ്പെട്ട് ഉപകരണങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.

ഏരിയാ ഇന്റൻസീവ് പ്രോഗ്രാം

6 (* 541) ശ്രീ. എം. കെ. മുനീർ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏരിയാ ഇന്റൻസീവ് പ്രോഗ്രാം അനുസരിച്ച് കേരളത്തിൽ കേന്ദ്രം എന്തു തുക ഗ്രാന്റായി അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇത് ഏതൊക്കെ കാലയളവിലേയ്ക്കാണ് അനുവദിച്ചത് ;

(സി) സംസ്ഥാനത്ത് ഏതൊക്കെ ആവശ്യങ്ങൾക്കാണ് ഈ തുക വിനിയോഗിക്കുന്നത് ;

(ഡി) ഗ്രാന്റായി അനുവദിച്ചതിൽ എത്ര തുക ഇതുവരെ സംസ്ഥാന ഗവൺമെന്റ് ഉപയോഗിച്ചു എന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ തുക മുഴുവനായി ഉപയോഗിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്)

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ "ഏരിയാ ഇന്റൻസീവ് പ്രോഗ്രാം ഫോർ എഡ്യൂക്കേഷണലി ബാക്ക്വേർഡ് മൈനോരിറ്റീസ്" പ്രകാരം സംസ്ഥാന സർക്കാരിന് മൊത്തം 223.46 ലക്ഷം രൂപ ഗ്രാന്റായി നൽകിയിട്ടുണ്ട്.

(ബി) ഗ്രാന്റ് ലഭിച്ചതിന്റെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly